ഉത്തരം

(എ,ബി) സംസ്ഥാനത്തെ ഏലം കൃഷിക്കാരുടെ കൈവശഭൂമിയിലുള്ള കുത്തകപ്പാട്ട അവകാശം 20 വർഷത്തേക്ക് നീട്ടിക്കൊണ്ട് 15-5-1985-ൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തടിയറുപ്പ് മില്ലുകൾ അനുവദിക്കുന്നതിന്റെ നിബന്ധന

436. [625] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനപ്രദേശത്തിന് സമീപം തടിയറുപ്പ് മില്ലുകൾ അനുവദിക്കുവാൻ പാടില്ലായെന്ന് നിബന്ധനകൾ ഉണ്ടോ ;

(ബി) ആയതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) വനപ്രദേശത്തിനടുത്ത് പ്രവർത്തിക്കുന്ന മില്ലുകൾ മുഖേന വൻതോതിൽ തടിമോഷണവും കള്ളക്കടത്തും നടക്കുന്നുവെന്ന കാര്യം ഗവൺമെന്റിന് അറിയാമോ ;

(ഡി) പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മേഖലയിൽ വനത്തിനു സമീപം മില്ലുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വനത്തിൽനിന്നും എന്ത് ദൂരത്തിൽ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ചില നിബന്ധനകൾ ഉണ്ട്.

(ബി) 18-6-1982-ലെ സർക്കാർ ഉത്തരവ് പ്രകാരം വനത്തിന് സമീപം 5 കിലോമീറ്റർ ചുറ്റളവിൽ മില്ലുകൾ സ്ഥാപിക്കുവാൻ അനുവാദം നൽകുവാൻ പാടില്ലായെന്ന് വ്യവസ്ഥയുണ്ട്. 10 കിലോമീറ്റർ ചുറ്റളവിൽ എസ്. എസ്. ഐ. രജിസ്ട്രേഷൻ ആവശ്യമുള്ള മില്ലുകൾ അനുവദിക്കുന്നതിനുമുമ്പ് വ്യവസായ വകുപ്പ് ബന്ധപ്പെട്ട ഡി. എഫ്. ഒ. യുമായി ആലോചിക്കേണ്ടതുമാണ്.

(സി) പരാതികളുണ്ട്.

(ഡി) വടശ്ശേരിക്കര, റാന്നി തുടങ്ങിയ സ്ഥലങ്ങളിൽ ലൈസൻസുകൾ വാങ്ങി മില്ലുകൾ പ്രവർത്തിക്കുന്നു. ഇത് റിസർവ് വനത്തിൽ നിന്നും 5 കിലോമീറ്റർ വെളിയിലാണ്. ഇതുകൂടാതെ റയിൽവേ സ്ലീപ്പറുകൾ ഉണ്ടാക്കാനായി വനത്തിനുള്ളിൽ ഒരു തടിയറുപ്പ് മില്ലിന് അനുവാദം നൽകിയിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II ശ്രദ്ധക്ഷണിക്കൽ

(1) പൊൻമുടി ടീ എസ്റ്റേറ്റിലെ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : സർ, പൊൻമുടിയിലെ തേയിലത്തോട്ടത്തിന്റെ കാര്യം ഏഴാം കേരള നിയമസഭയിൽ അഞ്ചാമത്തെ തവണയാണ് ഞാൻ ഉന്നയിക്കുന്നത്. ഇതിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സഹകാര്യ മെമ്പർമാരുടെ ഒരു ബിൽ ഞാൻ അവതരിപ്പിച്ചു. അത് ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്. ഇപ്പോഴും ഇതുന്നയിക്കാൻ കാരണം 13 വർഷമായി 873 ഏക്കർ സ്ഥലത്തെ തേയിലച്ചെടികളും നശിച്ചു കിടക്കുകയാണ്. അവിടെ 450 സ്ത്രീരും തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലാണ്. മാരകമായ സാംക്രമിക രോഗങ്ങൾകൊണ്ട് അവർ കഷ്ടപ്പെടുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെൻറ് യാതൊരു പരിപാടിയും ആസൂത്രണം ചെയ്തിട്ടില്ല. തൊഴിൽ വകുപ്പും റവന്യൂ വകുപ്പും വ്യവസായ വകുപ്പും ഉണ്ടല്ലോ. ഇതിൽ ഏതെങ്കിലും ഒരു വകുപ്പ് വിചാരിച്ചാൽ പൊൻമുടി തോട്ടത്തിലെ തൊഴിലാളികളെ രക്ഷപ്പെടുത്തെനെ 13 കൊല്ലമായി ഈ മുതലാളി ഏകദേശം രണ്ടരക്കോടി രൂപയോളം സർക്കാരിനും മറ്റു തൊഴിലാളികൾക്കും നൽകാനുണ്ട്. രണ്ടു കോടി എട്ടു ലക്ഷം രൂപ എന്നു പറയുന്നത് സർക്കാരിന് കൊടുക്കാനുള്ള നികുതിയാണ്. റവന്യൂ വകുപ്പുമന്ത്രി കൂടി ഒന്നു ശ്രദ്ധിച്ചാൽ കൊള്ളാം. റവന്യൂ റിക്കവറി നടത്താനുള്ള പരിപാടികൾ സ്റ്റേറ്റ് ചെയ്തിരിക്കുകയാണ്. ഈ നടപടികൾ മുന്നോട്ടു പോയിരുന്നെങ്കിലും ഇവിടത്തെ തൊഴിലാളികൾ രക്ഷപ്പെടുമായിരുന്നു. 1985-ൽ വെസ്റ്റ് ബംഗാളിൽ നാലു തേയിലത്തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള ഓർഡിനൻസ് ഉണ്ടാക്കി. വ്യവസായ വകുപ്പുമന്ത്രി വിചാരിച്ചാൽ ഈ തോട്ടം ഏറ്റെടുക്കാൻ കഴിയും. ഈ തോട്ടം നേരെ നടത്തുന്നതിനുവേണ്ടി ഒരു കോൺഫറൻസ് പോലും വിളിച്ചുകൂട്ടാൻ നമ്മുടെ തൊഴിൽ വകുപ്പിനോ അല്ലെങ്കിൽ സർക്കാരിനോ കഴിഞ്ഞിട്ടില്ല. ഇവിടത്തെ ഇന്നത്തെ സ്ഥിതി വളരെ മോശമാണ്.

സിവിൽ അപ്പീൽ നമ്പർ 4510/84 എന്നു പറഞ്ഞ് 15 ലക്ഷം രൂപയ്ക്കു വേണ്ടി ഇൻഡ്യൻ ബാങ്ക് ഒരു കേസ് കൊടുത്തിട്ടുണ്ട്. ഇങ്ങിനെയൊരു ഒന്നാമത്തെ ബാദ്ധ്യത സർക്കാരിനു കിടക്കേ സുപ്രീം കോടതിയിൽ കക്ഷി ചേരാൻപോലും ഈ ഗവൺമെൻറിന് കഴിയുന്നില്ല. 200 ഏക്കർ സ്ഥലം മുതലാളി വില്ക്കുന്നതിന് ശ്രമിക്കുന്ന ഈ തോട്ടം മുതലാളി നശിപ്പിക്കാൻ ശ്രമിക്കുകയാണ്. ഇപ്പോഴത്തന്നെ ടീ ബോർഡിൻെറ ആളുകളൊക്കെ പന്നിട്ടുണ്ടെന്നു പറയുന്നു. ഇതും പരിഹരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് പൊൻമുടി തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പുമന്ത്രി ആവശ്യമായ നടപടികൾ നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെ ഗൗരവകരമാണ് ഈ പ്രശ്നങ്ങൾ. പക്ഷേ ഗവൺമെൻറോ ലേബർ ഡിപ്പാർട്ടുമെൻറോ ഒന്നും ചെയ്തിട്ടില്ലെന്നു പറയുന്നത് ശരിയല്ല. ഇവിടെ ബാങ്കുകാർ കേസു കൊടുത്തതിനെതുടർന്ന് കെ. ടി. തോമസിൻെറ റിസീവർ ഭരണത്തിലാണ്. അങ്ങനെ കോടതിക്കു വേണ്ടി റിസീവർ എന്ന നിലയിൽ കെ. ടി. തോമസ് ഇപ്പോഴും ഭരണം നടത്തികൊണ്ടിരിക്കുകയാണ്. കോടതിയേയും ബന്ധപ്പെടുത്തിയാൽ കുറെ പരിഹാരങ്ങളുണ്ടാക്കാൻ കഴിയും. കെ. ടി. തോമസിൻെറ ആവശ്യം അനുസരിച്ച് 22-8-1985-ൽ ബന്ധപ്പെട്ട കക്ഷികളുടെ ഒരു ചർച്ച നടത്തിയിരുന്നു. അതിൽ തൊഴിലുടമ കെ. ടി. തോമസ്, തൊഴിലാളി പ്രതിനിധികളായി മി. പാലോട് രവി, ബഹുമാനപ്പെട്ട എം. എൽ. എ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ശ്രീ. പരമേശ്വരൻപിള്ള എക്സ്. എം. എൽ. എ. തുടങ്ങിയ ബന്ധപ്പെട്ട എല്ലാ ആളുകളും പങ്കെടുത്തിരുന്നു. തൊഴിലാളികളുടെ ക്ഷേമം എന്തെല്ലാമാണെന്ന് അവരും അങ്ങോട്ട് എന്തെല്ലാം കൊടുക്കാനുണ്ടെന്നുള്ളത് കെ. ടി. തോമസും പറയണമെന്നുള്ളതിനെ സംബന്ധിച്ച് ചർച്ച ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്തുവെങ്കിലും ഇതൊന്നും കൊടുക്കാനല്ല അയാളുടെ ഉദ്ദേശമെന്നും സൂത്രത്തിൽ ഉഴപ്പി പോകണമെന്നും ഉള്ളതാണ് അയാളുടെ ഉദ്ദേശമെന്നും ഉള്ള അഭിപ്രായം യൂണിയനുണ്ട്. അയാളുടെ കോണ്ടാക്ട്കൊണ്ട് ആരും അങ്ങനെ പറയുകയും ചെയ്യും. ഇത് വീണ്ടും തെളിയിപ്പിക്കാനുള്ള ഏതോ ഗൂഢാലോചനയാണെന്ന് തൊഴിലാളി നേതാക്കൻമാർക്ക് ന്യായമായി സംശയം തോന്നിയ ഒരു സാഹചര്യത്തിൽ ഫലമില്ലാതെ കണ്ട് നിർത്തലാക്കിയതാണ്. നിയമപ്രകാരം ചെയ്യാവുന്ന പ്രോസിക്യൂഷൻ നടപടികളൊക്കെ അദ്ദേഹത്തിന്റെ പേരിൽ എടുത്തിട്ടുണ്ട്. എന്നാലും പ്രശ്നം പരിഹരിച്ചിട്ടില്ല എന്ന ദു:ഖകരമായ സത്യം അവശേഷിക്കുന്നു. ഇനിയും ഇത് പരിഹരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റ് തുടരുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : അടിയന്തിരമായി ഒരു കൂടിയാലോചനയ്ക്കുവേണ്ടി ഈ മുതലാളിയേയും തൊഴിലാളി നേതാക്കൻമാരേയും എന്നേയും ചേർത്ത് ഒരു കോൺഫറൻസ് വിളിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമോ ?

ശ്രീ. കെ. ശിവദാസൻ : ഏകദേശം ഏഴെട്ടു ദിവസത്തിനകം വിളിക്കുന്നതാണ്.

(2) മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണത്തിലുള്ള അപാകത

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : സർ, മലപ്പുറം ജില്ലയിലെ വിദ്യുച്ഛക്തി രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിലേയ്ക്കും ദുരിതങ്ങളിലേയ്ക്കും ഞാൻ ബഹുമാനപ്പെട്ട വിദ്യുച്ഛക്തി ധനകാര്യ നിയമവകുപ്പു മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഈ സംസ്ഥാനം രൂപീകരിച്ചതിനുശേഷം കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം തന്നെ മലബാറിനെ അവഗണിക്കുകയാണ് വിദ്യുച്ഛക്തി ബോർഡ് ചെയ്തതെന്നു പറഞ്ഞാൽ തെറ്റില്ല. 1979-80-81 കാലങ്ങളിൽ മിനിമം ഗ്യാരന്റി വച്ച പ്രവർത്തനങ്ങളും ഇന്നും തുടങ്ങിയിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. 1981-ലും 1982-ലും ടെണ്ടർ ചെയ്ത പല പ്രവർത്തനങ്ങളും തുടങ്ങാതിരിക്കാനുള്ള കാരണം ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസുകളിൽ കയറിയിറങ്ങിയപ്പോൾ അവർ പറയുന്നത് നിങ്ങൾ മന്ത്രിമാരെ കണ്ടുകൊണ്ട് കൂടുതൽ മെറ്റീരിയൽസ് തന്നെങ്കിൽ മാത്രമേ നമുക്ക് പ്രവർത്തനം നടത്താൻ കഴിയൂ എന്നാണ്. പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിലേയ്ക്ക് സംസ്ഥാനത്തിൽ നിന്നും കൊടുക്കുന്ന മെറ്റീരിയൽസിന്റെ 28.50 ശതമാനമാണ് കൊടുക്കുന്നത് എന്ന ദു:ഖകരമായ സത്യം ഞാൻ ഇവിടെ പറയുകയാണ്. അതുകൊണ്ട് മലബാർ പ്രദേശത്തിന്റെ മൊത്തത്തിലും പ്രത്യേകിച്ച് മലപ്പുറം ജില്ലയിലും ടെണ്ടർ ചെയ്തിട്ടുള്ള വർക്കുകളും വെളിച്ചവിപ്ലവത്തിൽ 1981 മാർച്ച് 30-ാം തീയതിവരെ ചെയ്തു തീർക്കേണ്ടതുമായ പ്രവർത്തനങ്ങളും പൂർത്തീകരിക്കാനാവശ്യമായ മെറ്റീരിയൽസ് അടിയന്തിരമായി എത്തിക്കുവാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം നമ്മുടെ വിദ്യാഭ്യാസ രംഗത്തും വ്യവസായ രംഗത്തും ആരോഗ്യ രംഗത്തും വിദ്യുച്ഛക്തി വകുപ്പ് ശരിയാംവണ്ണം പ്രവർത്തിച്ചില്ലെങ്കിൽ അതിന്റെ ഫലം അനുഭവിക്കും. രാത്രി കാല

LIBRARY ARCHIVES Kerala Legislative Assembly